9. പെരിയാർ
10. പഴശ്ശി
11. മലമ്പുഴ
12. മംഗലം
13. മീൻകര
14. ചുള്ളിയാർ
15. പോത്തുണ്ടി
16. വാളയാർ
17. കാഞ്ഞിരംപുഴ
18. വാഴാനി
19. പീച്ചി
20. പെരുവണ്ണാമൂഴി

ശുദ്ധജല മത്സ്യവിഭവശേഷി വർദ്ധിപ്പിക്കുവാൻ നടപടി

123 [1841] ശ്രീ. സ്റ്റീഫൻ ജോർജ് :
" തോമസ് ഉണ്ണിയാടൻ :
" ജോസഫ് എം. പുതുശ്ശേരി :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യസമ്പത്തിന്റെ ചൂഷണാർത്ഥം എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കൃതമായിട്ടുണ്ട് ;

(ബി) ശുദ്ധജല മത്സ്യസ്രോതസുകളിൽനിന്നും പ്രതിവർഷം എത്ര അളവ് മത്സ്യലഭ്യത ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) ശുദ്ധജല മത്സ്യവിഭവശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ സംസ്ഥാനത്ത് ലഭ്യമായ ഉൾനാടൻ മത്സ്യസമ്പത്തിന്റെ അളവ് താഴെ ചേർക്കുന്നു:

വർഷം	ലഭ്യമായ മത്സ്യത്തിന്റെ അളവ്
1998-99	65855 ടൺ
1999-2000	74130 ടൺ
2000-2001	85234 ടൺ
2001-02	78034 ടൺ
2002-03	75036 ടൺ

(സി) സംസ്ഥാനത്തെ ശുദ്ധജല മത്സ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന വിവിധ നടപടികൾ താഴെ ചേർക്കുന്നു:

1. കേരളത്തിലെ 14 ജില്ലകളിലും ശുദ്ധജല മത്സ്യകൃഷി ഏജൻസി പ്രവർത്തിച്ചു വരുന്നു. ശുദ്ധജല കൃഷി വിപുലീകരിക്കുന്നതിന് കർഷകർക്ക് സാമ്പത്തികസഹായവും സാങ്കേതിക പരിജ്ഞാനവും നൽകുക, മൽസ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക എന്നിവ ഈ ഏജൻസികൾ വഴി നടപ്പാക്കിവരുന്നു. മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനം നൽകുന്നതോടൊപ്പം സർക്കാർ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളിൽനിന്ന് മേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ നൽകുകയും ചെയ്യുന്നു.

2. കുട്ടനാടൻ ജലാശയങ്ങളിൽ ആറ്റുകൊഞ്ച് കൃഷി വ്യാപിപ്പിക്കുകയും എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു.

3. ജല സംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കിവരുന്നു. ഈ വർഷം 20 ജലസംഭരണികളിൽ, മത്സ്യകൃഷി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

4. സാമൂഹ്യ മത്സ്യകൃഷി പദ്ധതി പ്രകാരം 2002-03-ൽ ഏകദേശം 20 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വിവിധ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്..

2/2315/2012

LIBRARY ARCHIVES Kerala Legislative Assembly